നം WCD/E1/6994/2022

വനിതാ ശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
Phone No. 0471-2346534
തീയതി : 14/12/2022

വനിതാ ശിശുവികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും

സർ,

വിഷയം :- വനിതാ ശിശുവികസന വകുപ്പ് - ജീവനക്കാര്യം- ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലെ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റം 2022 - ജീവനക്കാരുടെ വിടുതൽ - നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്

സൂചന :- വനിതാ ശിശുവികസന ഡയറക്ടറുടെ 08/12/2022 ലെ WCD/E1/6994/2022 നമ്പർ ഉത്തരവ്

വകുപ്പിലെ ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലെ ജീവനക്കാരുടെ 2022 ലെ പൊതുസ്ഥലംമാറ്റ ഉത്തരവ് സൂചന പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം സ്ഥലംമാറ്റം ലഭിച്ച/ പുനഃ ക്രമീകരണം മുഖേന മാറ്റി നിയമിക്കപ്പെട്ട എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാരും *(ട്രെനിംഗിന് നിയോഗിക്കപ്പെട്ടവരും അവധിയിൽ തുടരുന്നവരും ഒഴികേ)* സൂചന ഉത്തരവിലെ ഖണ്ഡിക 5-ൽ പറയുന്ന പ്രകാരം ചുമതല കൈമാറിയ ശേഷം **15/12/2022 AN ന് മുമ്പായി** നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയത്തിൽ നിന്നും വിടുതൽ ചെയ്തിട്ടുണ്ടെന്ന് അതാത് ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

വിടുതൽ ചെയ്യുന്ന ജീവനക്കാർ യഥാസമയം ചുമതല ഏറ്റെടുക്കേണ്ടതും, ട്രെനിംഗിന് നിയോഗിക്കപ്പെട്ടവരോ/ അവധിയിൽ തുടരുന്നവരോ ചുമതല ഏറ്റെടുക്കേണ്ട കാര്യാലയങ്ങളിൽ ശിശുവികസന പദ്ധതി ഓഫീസറുടെ ചുമതല ക്രമീകരിക്കുന്നതിന് ആവശ്യമായ ശുപാർശ ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ *(ചുമതല നൽകേണ്ട ജീവനക്കാരുടെ പേര് ഉൾപ്പെടുത്തി)* ഈ കാര്യാലയത്തിലെ wcdestablishment2017@gmail.com എന്ന ഇ-മെയിൽ

വിലാസത്തിൽ ലഭ്യമാക്കേണ്ടതുമാണ്. സ്ഥലംമാറ്റം ലഭിച്ച/ പുനഃ ക്രമീകരണം മുഖേന മാറ്റി നിയമിക്കപ്പെട്ട/ ട്രെനിംഗിന് നിയോഗിക്കപ്പെട്ട ജീവനക്കാർ വഹിക്കുന്ന പൂർണ്ണ അധിക ചുമതല/ DDO ചുമതല ക്രമീകരിക്കുന്നതിനുള്ള ശുപാർശ കൂടി ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ലഭ്യമാക്കേണ്ടതാണ്.

സ്ഥലംമാറ്റം ലഭിച്ച/ പുനഃ ക്രമീകരണം മുഖേന മാറ്റി നിയമിക്കപ്പെട്ട ജീവനക്കാർ യഥാസമയം വിടുതൽ ചെയ്യാതിരിക്കുന്നത് മുഖേന ജീവനക്കാരുടെ ശമ്പള വിതരണത്തിലോ, അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം വിതരണ ത്തിലോ, മറ്റ് ബില്ലുകൾ മാറുന്നതിനോ തടസ്സം നേരിട്ടതായി പരാതി ഉണ്ടാകുന്ന പക്ഷം ആയതിന് ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർ/ ജില്ലാ വനിതാ ശിശുവികസന പദ്ധതി ഓഫീസർമാർ ഉത്തരവാദികളായിരിക്കും എന്ന വിവരം കൂടി അറിയിക്കുന്നു.

വിശ്വസ്തതയോടെ,

വനിതാ ശിശുവികസന ഡയറക്ടർക്ക് വേണ്ടി

പകർപ്പ്

എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും